# യഹോവ എന്റെ ഇടയൻ

പി. ജെ. ജയിംസ്

മാററമില്ലാത്തതും മാറേററിയതുമായ ദൈവവചനത്തിൽ ദൈവജനത്തിന് ദൈവത്തോടുള്ള ബന്ധം വിവിധ രൂപാലങ്കാര ഭാഷകളിൽ ചിത്രീകരിച്ചിരിക്കുന്നത് അവിടവിടെയായി നമുക്ക് കാണുവാൻ കഴിയും. അതിൽ പരമശ്രേഷ്ഠവും പ്രധാനവുമായ ഒരു വിധമത്രെ ഇടയനും ആടും എന്നത്. ആകെയുള്ള അറുപത്താറു പുസ്തകങ്ങളിൽ ഏഴെണ്ണം രചിച്ചതും ഇടയന്മാരാകുന്നു. അവരിൽ അഗ്രഗണ്യനായ ദാവീദിന്റെ അനുഭവകഥയുടെ ആകെത്തുകയാണ് 23-ാം സങ്കീർത്തനം.

22-ാം സങ്കീർത്തനത്തിൽ ദാവീദ് കാൽവറിയിൽ ക്രൂശിതനായ കർത്താവിനെ ജീവദായകനായ നല്ല ഇടയനായി [യോഹ. 10:11[ ചിത്രീകരിക്കുമ്പോൾ, 23-ാം സങ്കീർത്തനത്തിൽ ഉയർത്തെഴുന്നേററ് ഉയരത്തിലേക്ക് കയറിപ്പോയ. ജീവിക്കുന്ന വലിയ ഇടയനായി [എബ്രാ 13:20] സാക്ഷീകരിക്കുന്നു. 24-ാം സങ്കീർത്തനത്തിൽ വിജയശ്രീലാളിതനായ ശ്രേഷ്ഠ ഇടയൻ വിജയകിരീടം വിഭജനം ചെയ്യാൻ വീണ്ടും വരുന്നതായി വിവരിച്ചിരിക്കുന്നു.

ഇടയനായ യിശ്ശായിപുത്രൻ ഇരുപത്തിമൂ[illegible] സങ്കീർത്തനത്തിൽ അജമെന്നപോലെ അവന്റെ ഇടയനായ് ദൈവത്തെക്കുറിച്ച് പ്രസന്നമായി പ്രകീർത്തിക്കുന്നത് ദൈവത്തിന്റെ വ്യക്തിസർവ്വനാമമായ 'യഹോവയെ' തന്റെ ഉത്തമപുരുഷ സർവ്വനാമമായ എന്റെ ഇടയൻ എന്നത്രെ.

ലോകരാഷ്ട്രങ്ങളിൽ പ്രധാനികളായ അമേരിക്ക കഴുകനും ബ്രിട്ടൻ സിംഹവും, റഷ്യ കരടിയും അവരുടെ ദേശീയ അടയാളമായി അംഗീകരിച്ചിരിക്കുമ്പോൾ ആടിന് ആരും ഒരു സ്ഥാനവും നല്കിയില്ല.

ഒരു വിശ്വാസിയുടെ ജീവിതസ്വഭാവങ്ങൾ ഉദാഹരിച്ച ചിത്രീകരിക്കുക എന്ന ഏക ഉദ്ദേശമാണ് ആടിനെ ദൈവം സൃഷ്ടിക്കുന്നതിലുള്ള ഏക ലക്ഷ്യം എന്ന് ഒരു പണ്ഡിതൻ പറഞ്ഞിരിക്കുന്നത് ഈ അവസരത്തിൽ ഓർത്തുപോകുന്നു. കാരണം ഒരു നായ് കാട്ടുന്നതും കുഞ്ഞ് അലയുന്നതും അതിന് ഭയമത്രെ. എന്നാൽ അരുതാത്തത് ആവർത്തിപ്പാനും അലഞ്ഞുനടപ്പാനും അതു ധൈര്യപ്പെടുന്നു. ഹാ! ഇന്നത്തെ ക്രിസ്ത്യാനി ഇതിൽനിന്നു വിഭിന്നനോ?

ആ സ്വഭാവം തന്നിൽ- വെളിപ്പെട്ടതുകൊണ്ടായിരിക്കാം ഒരു ആട് എന്നവണ്ണം ഇടയഭക്തൻ സൗമ്യനും ദീർഘക്ഷമയുള്ളവനുമായ യഹോവയെ ഇടയനായി അഭിസംബോധന ചെയ്യുന്നത്.

ഈ ഗീതത്തെ നാം ഒന്ന് വിചിന്തനംചെയ്തു പഠിച്ചാൽ ഒന്നാം ഭാഗമായ 1 — 3 വരെ വാക്യങ്ങളിൽ അനുകൂല സാഹചര്യത്തിൽ അല്ലൽ അകന്നു ജീവിക്കുമ്പോൾ ദാവീദ് അവന്റെ ഇടയനെക്കുറിച്ച മററുള്ളവരോട് പറയുന്നു. രണ്ടാം ഭാഗമായ 4 — 6 വരെ വാക്യങ്ങളിൽ പ്രതികൂല സാഹചര്യത്തിൽ ആശയററ് അനർത്ഥത്തിൽ ആകെ തകർന്ന് ആണ്ടുപോകുമ്പോൾ മററുള്ളവരോടല്ല ഇടയനോട് തന്നെ താൻ സംസാരിക്കുന്നു.

ഓരോ അജവും അജപാലകനും ജീവിതത്തിൽ സ്മരിക്കേണ്ടതായ ചില അടിസ്ഥാന ദൈവിക സത്യങ്ങൾ നാം ഇവിടെ കാണുന്നു. സമ്പത്തു പെരുകി സമൃദ്ധിയുടെ പുൽപുറങ്ങളിൽ തിന്നു തടിച്ച് അതിൽ തന്നെ കിടന്നുറങ്ങുമ്പോൾ ശാന്തിപകരുന്ന ആത്മീയ ആഹാരം ആസ്വദിക്കുമ്പോൾ നമുക്ക് മററുള്ളവരോട് പറയുവാനുള്ളത് നമ്മുടെ പദവിയല്ല പ്രത്യുത നമ്മുടെ ഇടയനെക്കുറിച്ച് മാത്രമായിരിക്കട്ടെ. ഈ സാക്ഷ്യം ആത്മീയ അക്ഷരാർത്ഥങ്ങളിൽ ഞാൻ പാലിക്കുന്നു എന്ന് നമ്മളിൽ എത്രപേർ പറയും.

അങ്ങനെ ഉള്ളവരത്രെ അവന്റെ ആടുകൾ, ഐക്യയിസ്രായേൽ രാഷ്ട്രത്തിന്റെ ഭരണചക്രം

MGM Ministries-Article Source: Suvisesha Nadam - June 1996, Vol. 10, No.6, Page 13, 14

തിരിയ്ക്കുന്ന ദാവീദ് പറയുന്നത് തന്റെ മഹത്വമല്ല, ഇടയന്റെ മഹനീയതയാണ്.

കൂടാതെ മരണനിഴൽ താഴ്‌വരയിൽ നാം യാനം ചെയ്യുമ്പോൾ കാണികൾ കല്ലെറിയുന്ന സ്തേഫാനൊസിനെപ്പോലെ കളങ്കമെന്യേ കാരാഗൃഹത്തിൽ കഴിയുന്ന പൗലോസിനെപ്പോലെ നാം കഷ്ടതയെക്കുറിച്ച് സംസാരിക്കേണ്ടത് കണ്ണുനീരോടല്ല, കനിവുള്ള കർത്താവിനോടാകുന്നു. നിന്റെ ചട്ടങ്ങൾ പഠിപ്പാൻ ഞാൻ കഷ്ടതയിലായത് ഗുണമായി (സങ്കീ. 119; 71) എന്നു നമുക്ക് അവനോട് പറയാം. നാം ദരിദ്രരാകുമ്പോൾ ശയ്യാവലംബികളാകുമ്പോൾ മൃത്യു പ്രിയപ്പെട്ടവരെ അപഹരിക്കുമ്പോൾ അല്ല അശരണരായി ആത്മസുഹൃത്തുക്കൾ അറിയാതെനരുമ്പോൾ ആ നല്ല ഇടയനോട് മാത്രം നമുക്ക് കാര്യങ്ങൾ പറയാം. അപ്പോൾ അവൻ നമ്മുടെ ശിരസ്സിന്മേൽ എണ്ണ പകരും.

“യഹോവ എന്റെ ഇടയനാകുന്നു. എനിക്കു മുട്ടുണ്ടാകയില്ല” ഒരു ദശാബ്ദത്തോളം സാധാരണ ഇടയനായിരുന്ന ദാവീദ് തന്റെ ആയുഷ്കാലമായ മുക്കാൽ ശതാബ്ദവും ഒരാടായി ജീവിച്ചപ്പോൾ പ്രാപിച്ച വലിയ അനുഭവം യഹോവ എന്റെ നല്ല ഇടയനാകുന്നു എന്നത്രെ. പണ്ട് ആടുകളും ആകെ പട്ടിണിയിലായപ്പോൾ അരവയറാക്കാൻ കഷ്ടപ്പെട്ട താൻ യഹോവയുടെ അജഗണത്തിലായപ്പോൾ ഇതാ പുൽമേടിയിൽ കിടന്ന് അയവിറക്കുന്നു.

അനുഭവം ആർക്കും അവഹേളിപ്പാൻ അനുവാദം ഇല്ലാത്തപ്പോൾ ആ അനുഭവസ്ഥൻ നമ്മേയും വിളിക്കുന്നു. അവൻ നിന്റെ ഇടയനോ! നീ അവന്റെ ആടോ? അനേകർ കലങ്ങിയ വെള്ളം കുടിച്ച് ആകെ കിറുങ്ങി മരിക്കുമ്പോൾ അധ്വാനിക്കുന്ന ശമര്യാക്കാരി നിശ്ചലജലം നൽകുവാനായി അവൻ നിങ്ങളെ വിളിക്കുന്നു,

കവർച്ചക്കാരും കൊലപാതകരും പതിയിരിക്കുന്ന പലവഴികളിൽ നിന്നും യഥാർത്ഥ വഴിയിൽ നമ്മെയാക്കുവാൻ ഈ നല്ലയിടയനെ കഴിയൂ. യിസ്രായേലിലെ ഇരുളടഞ്ഞ താഴ്‌വരകളിൽ നിന്ന് ആടിനെ കഷ്ടിച്ച് രക്ഷിച്ച ദാവീദ് മരണനിഴൽ താഴ്‌വരയിൽ നിർഭയമായി വസിപ്പാനുള്ള ഉറപ്പ് ഈ ഇടയനിൽ നിന്ന് പ്രാപിച്ചു. വിഷപ്പാമ്പുകളുടെ ആക്രമണത്തിൽ നിന്ന് വിശേഷ തൈലത്താൽ താൻ ആടിനെ രക്ഷിച്ചതുപോലെ കൊടിയ പാമ്പായ പിശാചിന്റെ ക്രൂരദംശനത്തിൽനിന്ന് യഹോവ തന്നെ വിടുവിക്കും എന്നവൻ ഉറച്ചിരുന്നു.

ആലോചകനായ അഹീഥോഫെൽ തള്ളിപ്പറഞ്ഞിട്ടും അബ്ശാലോം [പ്രിയമകൻ] അവനെ മറന്നുകളഞ്ഞിട്ടും സൈന്യാധിപൻ യോവാബ് ഉപേക്ഷിച്ചിട്ടും പ്രിയതമ ശക്തമായി ശകാരിച്ചിട്ടും അദോനിയാവെന്ന മകൻ അധികാരം അതിക്രമിച്ചിട്ടും അമ്മായപ്പൻ ശൗൽ പലവുരു ആക്രമിച്ചിട്ടും ആ നല്ല ഇടയൻ അവനെ അനാഥനായി വിട്ടില്ല. അവൻ അവിടെങ്ങും പരാജയം വരിച്ചില്ല. ഇടയൻ കരുതിയ നന്മയും അവന്റെ ക്ഷമയാൽ ലഭിച്ച കരുണയും യഹോവയിൽ തുടങ്ങി യഹോവയിൽ അവസാനിപ്പാൻ അവനെ ഇടയാക്കി.

മൂവായിരം വർഷങ്ങൾക്കപ്പുറം വിവിധാനുഭവമധ്യത്തിൽ വീണക്കമ്പിയിൽ ഈണംപകർന്ന് ആദ്യമായി പാടിയ ഈ ഗാനം ആലേഖനം ചെയ്ത ചർമ്മലിഖിതങ്ങൾ ജീർണ്ണാവശിഷ്ടങ്ങളായി മണ്ണിൽ മറഞ്ഞുചേർന്നിട്ടും ആ കേതനം അതേററു പാടിയവരും എന്നും അവന്റെ ആലയത്തിൽ എന്നേക്കും വസിക്കുന്നു.

ആ അജഗണത്തിൽ ഉൾപ്പെട്ട ആശുപത്രിയിലെ അശരണനും, അതൃത്തിയിൽ കവാത്തുനടത്തുന്ന കാവൽഭടനും പരദേശത്തിലെ വിദേശിയും, സുസ്ഥിരനാശ ഒരു സാധു വിശ്വാസിയും അനുഭവത്തെ അയവിറക്കി ഏറ്റുപാടുന്ന ഒ ഗാനമത്രെ ഇത്.

സ്നേഹിതാ! യേശു നിന്റെ ഇടയനോ നീ അവന്റെ ആടോ? നിങ്ങൾക്ക് ഈ ഉറപ്പുണ്ടെങ്കിൽ നമുക്ക് ചേർന്നു പാടാം. യഹോവ എന്റെ ഇടയനാകുന്നു എനിക്കു മുട്ടുണ്ടാകയില്ല ... .... ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും.

* * * *

ഇന്നത്തെ തലമുറയ്ക്ക് അനവധി ആദർശപുരുഷന്മാർ—ആരാധകർ—കണ്ടേക്കാം. എന്നാൽ അനുഗമിപ്പാനും ആരാധിപ്പാനും യോഗ്യൻ ക്രിസ്തു മാത്രമേ ഉള്ളു.